82 (2642) ഡ്രൈവിംഗ് ലൈസൻസുകൾ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1997-98, 1998-99 സാമ്പത്തികവർഷങ്ങളിൽ എത്ര ലൈറ്റ് വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിൽ സംസ്ഥാനത്ത് വിതരണം ചെയ്ത ഹെവി ഡ്യൂട്ടി ലൈസൻസുകൾ എത്ര;

(സി) ഓരോ വർഷവും എത്ര പേർ ടെസ്റ്റിന് ഹാജരാകുന്നുണ്ട്;

(ഡി) ഡ്രൈവിംഗ് ലൈസൻസ് നൽകുവാനുള്ള അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് കൂടുതൽ സ്ഥലത്തുനിന്നും ലൈസൻസ് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) സ്വീകരിച്ചിട്ടുണ്ട്. 1-5-99 മുതൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രം ഇല്ലാത്ത എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ പരിധിയിൽ കൂടി ടെസ്റ്റ് നടത്താനും ലൈസൻസ് നൽകുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

83 (2643) ഡ്രൈവിംഗ് ലൈസൻസിന് കെട്ടിക്കിടക്കുന്ന അപേക്ഷകൾ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ഡ്രൈവിംഗ് ലൈസൻസിനുവേണ്ടി അപേക്ഷകൾ സമർപ്പിച്ച് കാത്തിരിക്കുന്നവർ നിലവിൽ എത്രയുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് ടെസ്റ്റ് നടത്താനും മറ്റുമുള്ള ക്രമീകരണം ഉണ്ടാക്കുമോ;

(സി) ഈരംഗത്ത് പരിഷ്ക്കരണം ഏർപ്പെടുത്തിയശേഷം അന്യ സംസ്ഥാനങ്ങളിൽ നിന്നും ലൈസൻസ് നേടിവരുന്ന ധാരാളം കേരളീയർ ഉണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മറ്റ് സംസ്ഥാനത്തിൽനിന്നും ലൈസൻസ് നേടിവരുന്നവർ വാഹനങ്ങൾ ഓടിക്കുവാൻ പ്രാപ്തരല്ലെന്ന ആക്ഷേപം പരിഹരിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുമോ;

(ഇ) താലൂക്ക് കേന്ദ്രത്തിലും ഡ്രൈവിംഗ് ടെസ്റ്റ് നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) 1998-ലെ മോട്ടോർ വാഹന നിയമം 13 പ്രകാരം ഒരു സംസ്ഥാനത്തിൽ നിന്നും നൽകുന്ന ഡ്രൈവിംഗ് ലൈസൻസിന് ഇന്ത്യയ്ക്കകത്ത് മുഴുവൻ നിയമസാധുതയുണ്ട്. 1995-ലെ മോട്ടോർ വാഹന നിയമം 16 അനുസരിച്ച് ലൈസൻസ് ഹോൾഡർ ഏതെങ്കിലും അസുഖംമൂലമോ മറ്റേതെങ്കിലും കാരണങ്ങളാലോ വാഹനമോടിക്കാൻ അപ്രാപ്തനാണെന്ന് തോന്നിയാൽ ലൈസൻസ് അതോറിറ്റിക്ക് അത് റദ്ദ് ചെയ്യാവുന്നതാണ്. ഇതല്ലാതെ റീ ടെസ്റ്റ് നടത്തി ക്യാൻസൽ ചെയ്യാൻ ഇപ്പോൾ നിയമമില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. 1.8.99 മുതൽ ജില്ലാ ആസ്ഥാനങ്ങൾക്കുപുറമേ ടെസ്റ്റിംഗ് കേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ സബ് ആർ.ടി. ഓഫീസുകളിൽക്കൂടി ടെസ്റ്റ് നടത്താനും ലൈസൻസ് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

84 (2644) പുതിയ ഡ്രൈവിംഗ് ലൈസൻസ്

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന പുതിയ സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം പ്രതിമാസം ശരാശരി എത്ര ലൈസൻസ് കൊടുത്തിട്ടുണ്ട്;

(ബി) പുതിയ സമ്പ്രദായം നടപ്പിലാക്കുന്നതിന് മുമ്പുണ്ടായിരുന്നതിനേക്കാൾ എത്ര ശതമാനം കുറവാണ് ഇതെന്ന് വ്യക്തമാക്കുമോ; ഇതുമൂലം 1999 മാർച്ച് 31 വരെ സർക്കാരിന് എത്ര നഷ്ടം നേരിട്ടിട്ടുണ്ട്;

(സി) ഇതുമൂലം പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത് കുറഞ്ഞിട്ടുണ്ടോ;

(ഡി) വാഹന രജിസ്ട്രേഷൻ വഴിയുള്ള 1999 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തികവർഷത്തെ വരുമാനം, മുൻ സാമ്പത്തികവർഷത്തേക്കാൾ എത്ര ശതമാനം കുറഞ്ഞിട്ടുണ്ട്; കഴിഞ്ഞ രണ്ടു സാമ്പത്തികവർഷത്തേയും വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) പുതിയ ലൈസൻസിനുള്ള അപേക്ഷകർ അയൽ സംസ്ഥാനങ്ങളിൽ പോയി എളുപ്പം ലൈസൻസ് സ്വന്തമാക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പുതിയ സംവിധാനം നിലവിൽ വന്നതിനുശേഷം ആഗസ്റ്റ് '98 മുതൽ ജൂൺ 99 വരെ പ്രതിമാസം ശരാശരി 3365 ലൈസൻസുകൾ സംസ്ഥാനത്ത് നൽകിയിട്ടുണ്ട്.

(ബി) പുതിയ സമ്പ്രദായം നിലവിൽ വന്നതിനുശേഷം ലൈസൻസ് നൽകുന്നതിൽ ശരാശരി 85% കുറവ് വന്നിട്ടുണ്ട്. ഇതുമൂലം സർക്കാരിനു നേരിട്ട നഷ്ടം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly